Kerala Kaumudi 04-09-18, P-03

# ചാലക്കുടി 24 കോടിയുടെ കാർഷിക വിള നശിച്ചു

ചാലക്കുടി: പ്രളയക്കെടുതിയിൽ ചാലക്കുടിയിൽ 24 കോടിയുടെ കാർഷിക വിളകൾ നശിച്ചതായി പ്രാഥമിക വിവരം. 3,724 ഹെക്ടർ സ്ഥലത്തെ 9807 കർഷകരെയാണ് വെള്ളപ്പൊക്കം ബാധിച്ചത്. കൊള്ളി, വാഴ, ജാതി, പച്ചക്കറി, തെങ്ങ് എന്നീ വിളകളാണ് പ്രധാനമായും തകർന്നത്. ചാലക്കുടി ബ്ലോക്കിൽ 408 പശുക്കൾക്ക് ജീവഹാനിയുണ്ടായി. പ്രതിദിന പാലളവിൽ 2250 ലിറ്ററിന്റെ കുറവുണ്ട്. 11,250 ലിറ്റർ പാലളവോടെ ജില്ലയിലെ രണ്ടാം സ്ഥാനത്തായിരുന്നു ഈ മേഖല.

**പഞ്ചായത്ത്, നശിച്ച കൃഷിയിടത്തിന്റെ വ്യാപ്തി, മൂല്യം(രൂപയിൽ)**

1. പരിയാരം 850 ഹെക്ടർ കൃഷിയിടം നഷ്ടം 4.5 കോടി
2. മേലൂർ 1260 ഹെക്ടർ 3.62 കോടി
3. കാടുകുറ്റി 1260 ഹെക്ടർ മൂന്നു കോടി
4. കോടശേരി പഞ്ചായത്ത് 140 ഹെക്ടർ 90 ലക്ഷം
5. അതിരപ്പിള്ളി പഞ്ചായത്ത് 50 ഹെക്ടർ നഷ്ടം 13 ലക്ഷം

**നഗരസഭ 3.70 കോടി**

നശിച്ചയിടങ്ങൾ: കോട്ടാറ്റ്, കാരക്കുളത്തുനാട്, വി.ആർ പുരം, കൂടപ്പുഴ

220 ഹെക്ടർ കൃഷി

5,000 ജാതി

വാഴ 1.75 കോടിയുടേത്

മരച്ചീനി 56 ലക്ഷം

കുരുമുളക് 25 ലക്ഷം

പച്ചക്കറി 15 ലക്ഷം

32 ഹെക്ടർ നെൽക്കൃഷി

ചേനക്കൃഷി 5 ഹെക്ടർ

# ജില്ലയിലെ നഷ്ടം 73.31 കോടി

തൃശൂർ: പ്രളയ ദുരന്തത്തിൽ ജില്ലയിൽ വിവിധ മേഖലകളിലായി ഏകദേശം 73.31 കോടിയുടെ നാശ നഷ്ടമെന്ന് ഔദ്യോഗിക കണക്ക്. കൃഷി, മൃഗസംരക്ഷണം, പൊതുമരാമത്ത്(കെട്ടിടം), കെ.എസ്.ഇ.ബി വകുപ്പുകളുടെ കീഴിലായാണ് കോടികണക്കിന് രൂപയുടെ നാശനഷ്ടം രേഖപ്പെടുത്തിയത്. 3969.167 ഹെക്ടറിലായി ആകെ 60.3 കോടിയുടെ കൃഷി നശിച്ചു. വലിയ നഷ്ടം ഉണ്ടായത് വാഴക്കൃഷി മേഖലയിലാണ്. 555.75 ഹെക്ടറിൽ 35.27 കോടി രൂപയുടെ നാശനഷ്ടമാണ് വാഴക്കൃഷിക്ക് സംഭവിച്ചത്. ജില്ലയിൽ ആകെ 1901 ഹെക്ടർ നെൽക്കൃഷി നശിച്ചു. 8.01 കോടിയുടെ നാശനഷ്ടമാണുള്ളത്. 517.12 ഹെക്ടറിൽ 3.31 കോടിയുടെ പച്ചക്കറി കൃഷിയും നശിച്ചു. ജാതി, തെങ്ങ്, അടയ്ക്ക, റബ്ബർ, കുരുമുളക്, മരച്ചീനി, ഇഞ്ചി, വെറ്റില തുടങ്ങിയവയാണ് ജില്ലയിൽ ഏറ്റവും വലിയ നാശനഷ്ടം സംഭവിച്ച മറ്റുവിളകൾ. പ്രളയത്തിൽ 1311 കന്നുകാലികളാണ് ജില്ലയിൽ ചത്തത്. മൊത്തം 6.45 കോടിയുടെ നാശനഷ്ടമാണ് മൃഗസംരക്ഷണ വകുപ്പ് കണക്കാക്കിയിട്ടുള്ളത്. 1038 ആടുകളും, 1394 പന്നികളും, കോഴിയും താറാവും ഉൾപ്പെടെ 3,53,969 പക്ഷികളും ചത്തു. 119 തൊഴുത്തുകളും 35 പൗൾട്രി ഷെഡുകളും തകർന്നു.